2024
APRIL
29
MONDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ






## കൊക്കോയ്ക്ക് നല്ല കാലം; വില 1,000 രൂപ കടന്നു, ഇനിയും വർധിച്ചേക്കും

**കോതമംഗലം:**കൊക്കോ കർഷകർക്ക് നല്ലകാലം. ചരിത്രത്തിലാദ്യമായി കൊക്കോവില ആയിരം കടന്നതിൻറെ ആശ്വാസത്തിലാണ് കർഷകർ.മാർക്കറ്റിൽ ഒരുകിലോ ഉണക്ക കൊക്കോയുടെ വില 1,020 രൂപവരെയായി. രണ്ടുമാസം മുമ്പ് ഇത് 260 രൂപയായിരുന്നു. വില ഇനി യും ഉയരുമെന്നു കച്ചവടക്കാർ പറയുന്നു. കാഡ്ബറിസ് ഉത്പന്ന ങ്ങളുടെ ആവശ്യങ്ങൾക്കാണ് കേരളത്തിൽനിന്ന് കൊക്കോ ശേഖരിക്കുന്നത്.വിദേശ രാഷ്ട്രങ്ങളിൽ നിന്നുള്ള കൊക്കോ കുരുവിൻറെ ഇറക്കുമതി നിലച്ചതാണു കേരളത്തിലെ വില വർധനയ്ക്കു കാരണമെന്ന് വ്യാപാരികൾ പറയുന്നു.

വലിയ രീതിയിൽ പരി പാലനം ആവശ്യമില്ലാത്ത കൃഷിയാണു കൊക്കോ. ഇതിൻറെ തടിയിലേക്കു സൂര്യപ്രകാശം കിട്ടാൻ ഇളം നാമ്പുകൾ വെട്ടിമാറ്റണം. തുടർന്ന് ചാണകവും മറ്റും നൽകിയാൽ നിറയെ കായ്കൾ പിടിക്കും.

മുപ്പതു വർഷംവരെ കൊക്കോ മരത്തിൽനിന്ന് ആദായം കിട്ടുമെന്നു പറയപ്പെടുന്നു. കൊക്കോ കുരുവിൻറെ വിലവർധനയിൽ കർഷകർ ആശ്വാസത്തിലാണ്

# ഹൂതി ഭീകരരുടെ ആക്രമണത്തിന് ഇരയായ എണ്ണക്കപ്പലിനെ രക്ഷിച്ചു

## രക്ഷാദൗത്യത്തിൽ പങ്കാളിയായി ഐഎൻഎസ് കൊച്ചി

**ജറുസലം:** ഹൂതി ആക്രമണത്തിന് ഇരയായ പാനമ എണ്ണക്കപ്പലിനെ രക്ഷിച്ചു. നാവികസേനയുടെ ഐഎൻഎസ് കൊച്ചിയും രക്ഷാദൗത്യത്തിൽ പങ്കാളികളായി. ചെങ്കടലിൽ വച്ചായിരുന്നു ഹൂതി ആക്രമണം. കപ്പലിൽ ഉണ്ടായിരുന്ന 22 ഇന്ത്യൻ ജീവനക്കാരെയടക്കം 30 പെരെയും രക്ഷപ്പെടുത്തി. റഷ്യയിൽ നിന്ന് ഇന്ത്യയിലേക്കു പുറപ്പെട്ട എണ്ണക്കപ്പലിനുനേരെയാണ് ആക്രമണമുണ്ടായത്. 3 ബാലിസ്റ്റിക് മിസൈലുകളാണു കപ്പലിനുനേരെ തൊടുത്തത്. കപ്പലിനു നിസ്സാര കേടുപാടു പറ്റിയെന്നാണു യുഎസ് മിലിറ്ററി സെൻട്രൽ കമാൻഡ് അറിയിച്ചത്. ഹൂതി സൈനിക വക്താവ് ആക്രമണം സ്ഥിരീകരിച്ചിരുന്നു. റഷ്യയിലെ പ്രി



മോർസ്കിൽനിന്ന് ഗുജറാത്തിലെ വാദിനാറിലേക്കുള്ള യാത്രയ്ക്കിടെ യെമനിലെ മോച്ച തീരത്തിനു സമീപമാണ് ആക്രമണമുണ്ടായത്.

നവംബറിനുശേഷം ചെങ്കടലിൽ ചരക്കുകപ്പലുകൾക്കുനേരെ 50ൽ ഏറെ മിസൈൽ ആക്രമണങ്ങളാണു ഹൂതികൾ നടത്തിയത്. ഗാസയിൽ ഇസ്രയേൽ നടത്തുന്ന ആക്രമണം നിർത്തുംവരെ കപ്പലുകളെ ലക്ഷ്യമിടുമെന്നാണു ഹൂതികളുടെ നിലപാട്.

## ഗുജറാത്ത് തീരത്ത് വൻ ലഹരിവേട്ട; 600 കോടിയുടെ ലഹരിമരുന്നുമായി പാക്ക് ബോട്ട് പിടിച്ചു; 14 പേർ അറസ്റ്റിൽ

**അഹമ്മദാബാദ് :** ഗുജറാത്ത് തീരത്ത് സംശയകരമായ സാഹചര്യത്തിൽ കണ്ട പാക്കിസ്ഥാൻ ബോട്ടിൽനിന്ന് തീരസംരക്ഷണ സേന 600 കോടി രൂപ വിലമതിക്കുന്ന 86 കിലോ ലഹരിമരുന്ന് പിടിച്ചെടുത്തു. ബോട്ടിലുണ്ടായിരുന്ന 14 പാക്കിസ്ഥാനികളെ അറസ്റ്റുചെയ്തു. തീരസംരക്ഷണ സേനയ്ക്കൊപ്പം ഭീകരവിരുദ്ധ സ്ക്വാഡും നർകോട്ടിക്സ് കൺട്രോൾ ബ്യൂറോയും ദൗത്യത്തിൽ പങ്കാളികളായി. ഗുജറാത്ത് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ലഹരി മാഫിയയിലെ അംഗങ്ങളാണ് പിടിയിലായത്.

# വാട്ടർ മെട്രോ യാത്രികരുടെ എണ്ണം 2 മില്യൺ കവിഞ്ഞു

**കൊച്ചി:** കേരളത്തിൻറെ ജലഗതാഗത രംഗത്ത് വിപ്ലവകരമായ മാറ്റം കൊണ്ടുവന്ന കൊച്ചി വാട്ടർ മെട്രോ മറ്റൊരു നാഴികക്കല്ല് കൂടി പിന്നിടുകയാണ്. സർവീസ് തുടങ്ങി ഒരു വർഷം പിന്നിടുമ്പോൾ കൊച്ചി വാട്ടർ മെട്രോയ്ക്ക് ഇരട്ടി മധുരമാണ്. വാട്ടർ മെട്രോയിൽ സഞ്ചരിച്ച യാത്രക്കാരുടെ എണ്ണം ഇന്ന് ഇരുപത് ലക്ഷം എന്ന നാഴികക്കല്ലിലേക്ക് എത്തിയിരിക്കുന്നു.അന്താരാഷ്ട്ര തലത്തിൽ ശ്രദ്ധയാകർഷിച്ച കൊച്ചി വാട്ടർ മെട്രോ പ്രവർത്തനം ആരംഭിച്ചിട്ട് ഏപ്രിൽ 25ന് ഒരു വർഷം തികഞ്ഞിരുന്നു.

സർവീസ് ആരംഭിച്ച് ആറ് മാസത്തിനിടെ കഴിഞ്ഞ ഒക്ടോബർ 16നാണ് കൊച്ചി വാട്ടർ മെട്രോയിൽ യാത്ര ചെയ്തവരുടെ എണ്ണം 10 ലക്ഷം പിന്നിട്ടത്. വീണ്ടും ആറ് മാസത്തിനകം 10 ലക്ഷം യാത്രക്കാരെ കൂടി വാട്ടർ മെട്രോയിലെത്തിച്ച് 2 മില്യൺ യാത്രക്കാർ എന്ന വണ്ടർ



നമ്പറിലെത്താൻ കൊച്ചി വാട്ടർ മെട്രോയ്ക്ക് സാധിച്ചു.

കുമ്പളം, പാലിയംതുരുത്ത്, വില്ലംഗ്ടൺ ഐലൻഡ്, കടമക്കുടി, മട്ടാഞ്ചേരി ടെർമിനലുകളുടെ നിർമ്മാണം അതിവേഗം പുരോഗമിക്കുകയാണ്. സെപ്തംബർ ഒക്ടോബർ മാസങ്ങളിൽ ഈ റൂട്ടുകളിൽ സർവ്വീസ് ആരംഭിക്കാനാകുമെന്നാണ് പ്രതീക്ഷ. ഇതിന് മുന്നോടിയായി സെപ്തംബറോടെ 5 ബോട്ടുകൾ കൂടി നൽകാമെന്ന് കൊച്ചിൻ ഷിപ്പ്‌യാർഡ് അറിയിച്ചിട്ടുണ്ട്.

തുച്ഛമായ തുകയിൽ സുരക്ഷിതമായ യാത്രയാണ് കൊച്ചി വാട്ടർ മെട്രോയുടെ ശീതികരിച്ച ബോട്ടുകളിൽ പൊതുജനങ്ങൾക്കായി ഒരുക്കിയിരിക്കുന്നത്. ബോട്ട് യാത്രക്കായുള്ള മിനിമം ടിക്കറ്റ് നിരക്ക് 20 രൂപയാണ്. സ്ഥിരം യാത്രികർക്കായി നിരക്കിൽ ഇളവുകളോടെ പ്രതിവാര പ്രതിമാസ പാസ്സുകളും ഉണ്ട്. കൊച്ചി വൺ കാർഡ് ഉപയോഗിച്ച് കൊച്ചി മെട്രോ റെയിലിലും കൊച്ചി വാട്ടർ മെട്രോയിലും യാത്ര ചെയ്യാനാകും.

കൊച്ചിയിലെ ദ്വീപുകളെ വികസനത്തിൻറെ പാതയിലേക്ക് നയിക്കുന്ന ഈ പദ്ധതി ലോക ടൂറിസം ഭൂപടത്തിൽ കൊച്ചിയ്ക്ക് മറ്റൊരു തിലകക്കുറി കൂടി നൽകി. ലോകത്തിൽ ഏറ്റവും കൂടുതൽ ഇലക്ട്രിക്ക് ബോട്ടുകളുടെ ഫ്ളീറ്റ് കൊച്ചി വാട്ടർ മെട്രോയ്ക്കാണ്. പദ്ധതി പൂർത്തിയാകുമ്പോൾ പത്ത് ദ്വീപുകളിലായി 38 ടെർമിനലുകൾ ബന്ധിപ്പിച്ച് 78 വാട്ടർ മെട്രോ ബോട്ടുകൾ സർവ്വീസ് നടത്തും.





# നിരാലംബരായ അമ്മമാർക്ക് അഭയമരുളുന്ന സ്നേഹക്കൂട് ഇനി സ്വന്തം കെട്ടിടത്തിൽ

**കോട്ടയം:** നിരാലംബരായ വൃദ്ധജനങ്ങൾക്കു സൗജന്യമായി അഭയമരുളുന്ന സ്നേഹക്കൂട് അഭയമന്ദിരം ഇനി മുതൽ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കും. സ്നേഹക്കൂട് അഭയമന്ദിരം കൊല്ലാട് ബോട്ടുജെട്ടി കവല ശ്രീ തൃക്കോവിൽ മഹാദേവ ക്ഷേത്രത്തിനു മൂന്നു നിലകളിലായി നിർമ്മിച്ച കെട്ടിട സമുച്ചയം വൈദ്യുതി മന്ത്രി കെ കൃഷ്ണൻകുട്ടി ഉദ്ഘാടനം ചെയ്തു.

നിഷ സ്നേഹക്കൂടിന്റെ അധ്യക്ഷതയിൽ ചേരുന്ന സമ്മേളനത്തിൽ മുഖ്യ രക്ഷാധികാരി തിരുവഞ്ചൂർ രാധാകൃഷ്ണൻ എം എൽ എ ആമുഖ പ്രസംഗം നടത്തി. തോമസ് ചാഴികാടൻ എം പി പുരസ്കാര വിതരണം നടത്തി. ലോക്സഭാ സ്ഥാനാർത്ഥികളായ അഡ്വ കെ ഫ്രാൻസിസ് ജോർജ്, തുഷാർ വെള്ളാപ്പള്ളി, സായി ഗ്രാമം സ്ഥാപകൻ കെ എൻ ആനന്ദകമാർ, സ്വാമി ശിവസ്വരൂപാനന്ദ, കോട്ടയം ഡെപ്യൂട്ടി കളക്ടർ അമൽ മഹേശ്വർ, എൽ ഐ സി സീനിയർ ഡിവിഷൽ മാനേജർ കെ കെ ബിജുമോൻ, ഡോ പുനലൂർ സോമരാജൻ, ഫാ റോയ് വടക്കേൽ, ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ പി പ്രദീപ്, സണ്ണി പോൾ, ടോണി വല്യേലിൽ, ഗ്ലോബൽ ഗ്രൂപ്പ് സാരഥികളായ വിജയൻ, ഗീതാവിജയൻ, ലിജിൻലാൽ, അഭിലാഷ് പിള്ള, മേഴ്സി ജോൺ വെട്ടുകുഴിയിൽ, പി കെ വൈശാഖ്, ആനി മാമ്മൻ, വി റ്റി സോമൻകുട്ടി, സിബി കൊല്ലാട്ട്, ടി നെയ്സിമോൾ, പി എം ഗോവിന്ദ്, അഡ്വ കെ എ ഹസ്സൻ, ജോർജ് കൂടല്ലി, സലിം ജി, അഡ്വ സജയൻ ജേക്കബ്, രാജീവ് നെല്ലിക്കുന്നേൽ, അനുരാജ് ബി കെ, എബി ജെ ജോസ്, സാംജി പഴേപറമ്പിൽ എന്നിവർ പ്രസംഗിച്ചു.

ഓക്സിജൻ ഡിജിറ്റൽ ഷോപ്പ് സി ഇ ഒ ഷിജോ കെ തോമസ് (സംരംഭകശ്രീ), ഡോ ബാലകുമാർ കെ, ഡോ ജിം ജേക്കബ് (ആതുരശ്രീ), ഷീജ കെ ബേബി, സാനി(കാരുണ്യശ്രീ) എന്നിവരെ മന്ത്രി കെ കൃഷ്ണൻകുട്ടി പുരസ്കാരങ്ങൾ നൽകി ആദരിച്ചു. നിരാലംബരായ വൃദ്ധ അച്ഛനമ്മമാർക്ക് സൗജന്യമായി ആശ്രയമരുളുക എന്ന ലക്ഷ്യത്തോടെ പത്ത് വർഷംമുമ്പ് നിഷാ സ്നേഹക്കൂട് എളിയ രീതിയിൽ തുടക്കം കുറിച്ചതാണ് സ്നേഹക്കൂട് അഭയമന്ദിരം. ഇക്കാലയളവിൽ വിവിധ സ്ഥലകളിൽ വാടകയ്ക്കു കെട്ടിടങ്ങൾ കണ്ടെത്തി മാറി മാറി താമസിക്കുകയായിരുന്നു അച്ഛനമ്മമാർ. സ്നേഹക്കൂട്ടിലെ 75 ഓളം അമ്മമാർ ഇനി മുതൽ അവരുടെ സ്വന്തമായ പുതിയ സ്നേഹവീട്ടിൽ താമസമാക്കുകയാണ്. 9000 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമുള്ള കെട്ടിടം സുമനസുകളുടെ സഹകരണത്തോടെയാണ് പൂർത്തിയാക്കിയത്. അച്ഛന്മാർക്കുള്ള കെട്ടിട നിർമ്മാണം ഉടൻ ആരംഭിക്കുമെന്ന് ഭാരവാഹികൾ അറിയിച്ചു.

# നാക് അക്രഡിറ്റേഷനിൽ തിളങ്ങി യുസി കോളജ്

**ആലുവ:** നാഷണൽ അസസ്മെൻറ് ആൻഡ് അക്രെഡിറ്റേഷൻ കൗൺസിൽ(നാക്) നടത്തിയ അഞ്ചാം സൈക്കിൾ മൂല്യനിർണയത്തിൽ 3.53 എന്ന ഉയർന്ന ഗ്രേഡ് പോയിൻറോടെ ആലുവ യൂണിയൻ ക്രിസ്ത്യൻ കോളജ് എ ഡബിൾ പ്ലസ് ഗ്രേഡ് കരസ്ഥമാക്കി.

നാലാം ഘട്ടത്തിൽ ലഭിച്ച എ ഗ്രേഡ് മെച്ചപ്പെടുത്തിയാണ് എ പ്ലസ് പ്ലസ് നേടിയത്. ഉന്നത വിദ്യാഭ്യാസമേഖലയിൽ 103 വർഷത്തെ പാരമ്പര്യം അവകാശപ്പെടാനുള്ള യൂണിയൻ ക്രിസ്ത്യൻ കോളജിന് രാജ്യത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണമേന്മ പരിശോധന ആസ്പദമാക്കിയ കേന്ദ്രസർക്കാർ റാങ്കിംഗ് സംവിധാനമായ എൻ ഐആർഎഫ് റാങ്കിംഗിൽ 77 ാം റാങ്ക് കരസ്ഥമാക്കാനും കഴിഞ്ഞു.





# ഉഷ്ണതരംഗം നേരിടാൻ ജാഗ്രതാ നിർദേശവുമായി ആരോഗ്യ വകുപ്പ്

ഉഷ്ണതരംഗം (ഹീറ്റ് വേവ്) ആരോഗ്യത്തെയും ശരീരത്തിൻറെ പ്രവർത്തനങ്ങളെയും പ്രതികൂലമായി ബാധിക്കാൻ സാധ്യതയുള്ളതിനാൽ ജാഗ്രത പാലിക്കണമെന്ന് ആരോഗ്യ വകുപ്പിൻറെ മുന്നറിയിപ്പ്. കുഞ്ഞുങ്ങൾ, പ്രായമായവർ, ഗർഭിണികൾ, ഗുരുതര രോഗമുള്ളവർ എന്നിവർ പ്രത്യേകം ശ്രദ്ധിക്കണം. ഈ വിഭാഗത്തിലുള്ളവർ കഴിയുന്നതും നേരിട്ട് വെയിൽ ഏൽക്കാതിരിക്കുക. നിർജലീകരണം ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ ധാരാളം വെള്ളം കുടിക്കുക എന്നതാണ് പ്രധാന പ്രതിരോധ മാർഗം. എന്തെങ്കിലും ശാരീരിക ബുദ്ധിമുട്ടുകളുണ്ടായാൽ ചികിത്സ തേടണം.

അന്തരീക്ഷ താപനില തുടർച്ചയായി സാധാരണയിൽ കൂടുതൽ ഉയർന്നു നിൽക്കുന്നതിനേയാണ് ഉഷ്ണതരംഗം എന്ന് പറയുന്നത്. ഉയർന്ന ചൂട് സൂര്യാഘാതം, സൂര്യാതപം, നിർജലീകരണം തുടങ്ങി നിരവധി ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകും. അതിനാൽ വളരെയേറെ ശ്രദ്ധിക്കണം.

## ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

- രാവിലെ 11 മുതൽ വൈകുന്നേരം 3 വരെയുള്ള സമയത്ത് നേരിട്ട് ശരീരത്തിൽ കൂടുതൽ സമയം തുടർച്ചയായി സൂര്യപ്രകാശം ഏൽക്കുന്നത് ഒഴിവാക്കുക.
- കിടപ്പുരോഗികൾ, പ്രായമായവർ, ഗർഭിണികൾ, കുട്ടികൾ, ഭിന്നശേഷിക്കാർ, മറ്റ് രോഗങ്ങൾ മൂലമുള്ള അവശത അനുഭവിക്കുന്നവർ തുടങ്ങിയ വിഭാഗങ്ങളിലുള്ളവർ ഈ സമയത്ത് നേരിട്ട് സൂര്യപ്രകാശം ഏൽക്കാതെയിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.
- അയഞ്ഞ, ഇളം നിറത്തിലുള്ള കോട്ടൺ വസ്ത്രങ്ങൾ ധരിക്കുക.
- പുറത്തിറങ്ങുമ്പോൾ പാദരക്ഷകൾ ധരിക്കുക. കുടയോ തൊപ്പിയോ ഉപയോഗിക്കുന്നത് നല്ലത്.
- ദാഹമില്ലെങ്കിലും ധാരാളം വെള്ളം കുടിക്കുക.
- യാത്രാ വേളയിൽ ഒരു കുപ്പി വെള്ളം കരുതുന്നത് നല്ലത്.
- നിർജലീകരണമുണ്ടാക്കുന്ന മദ്യം, കാപ്പി, ചായ, കാർബണേറ്റഡ് ശീതള പാനീയങ്ങൾ തുടങ്ങിയവ പകൽ സമയത്ത് ഒഴിവാക്കുക.
- കുടിക്കുന്ന വെള്ളം ശുദ്ധമാണെന്ന് ഉറപ്പാക്കുക. തിളപ്പിച്ചാറ്റിയ വെള്ളം നല്ലത്.
- കുട്ടികൾക്ക് ധാരാളം വെള്ളം നൽകുക.
- പാനീയങ്ങളിൽ ഉപയോഗിക്കുന്ന ഐസ് ശുദ്ധമായിരിക്കണം.
- പഴങ്ങളും പച്ചക്കറികളും ധാരാളമായി കഴിക്കുക. ഒആർഎസ് ലായനി, സംഭാരം തുടങ്ങിയവ നല്ലത്.
- കുട്ടികളെയോ വളർത്തു മൃഗങ്ങളെയോ പാർക്ക് ചെയ്ത വാഹനങ്ങളിൽ ഇരുത്തി പോകാൻ പാടില്ല.
- സൂര്യാഘാതം ഏറ്റതായി സംശയം തോന്നിയാൽ വെയിലുള്ള സ്ഥലത്ത് നിന്ന് തണുത്ത സ്ഥലത്തേക്ക് മാറി വിശ്രമിക്കണം.
- ധരിച്ചിരിക്കുന്ന കട്ടി കൂടിയ വസ്ത്രങ്ങൾ നീക്കം ചെയ്യുക.
- തണുത്ത വെള്ളം കൊണ്ട് ശരീരം തുടക്കുക.
- ധാരാളം പാനീയങ്ങൾ കുടിക്കാൻ നൽകുക.
- ആരോഗ്യ സ്ഥിതി മെച്ചപ്പെടുന്നില്ലെങ്കിലോ, ബോധക്ഷയം ഉണ്ടാകുകയോ ചെയ്താൽ അടുത്തുള്ള ആശുപത്രിയിലെത്തിച്ച് ചികിത്സ ഉറപ്പുവരുത്തുക.



# ഡയബറ്റിക് ഫൂട്ട് ചികിത്സയിൽ ഇന്റർവെൻഷണൽ റേഡിയോളജിയുടെ മുന്നേറ്റം പ്രതീക്ഷ നൽകുന്നത്: വിദഗ്ധർ

**കൊച്ചി:** പ്രമേഹ രോഗികളുടെ പാദത്തിൽ ഉണ്ടാകുന്ന രോഗാവസ്ഥയായ ഡയബറ്റിക് ഫൂട്ടിന്റെ ചികിത്സയിൽ ഇന്റർവെൻഷണൽ റേഡിയോളജിയുടെ പ്രാധാന്യം ചർച്ച ചെയ്തു കൊണ്ട് ഇന്ത്യൻ സൊസൈറ്റി ഓഫ് വാസ്കുലാർ ആൻഡ് ഇന്റർവെൻഷണൽ റേഡിയോളജി (ഐഎസ്‌വിആർ) കേരള ചാപ്റ്ററിന്റെ വാർഷിക സമ്മേളനം റമദ റിസോർട്ടിൽ സമാപിച്ചു.

ഇന്റർവെൻഷണൽ റേഡിയോളജിയിലെ പുത്തൻ സാങ്കേതികവിദ്യകളും നടപടിക്രമങ്ങളും ക്രോണിക് ഡയബറ്റിക് ഫൂട്ട് ചികിത്സയിൽ പുത്തൻ പ്രതീക്ഷ നൽകുന്നതായി വിദഗ്ധർ അഭിപ്രായപ്പെട്ടു.

ഹൈബി ഈഡൻ എംപി ഡയബറ്റിക് ഫൂട്ട് ശാസ്ത്ര സെഷൻ ഉദ്ഘാടനം ചെയ്തു. കടഢകഞ കേരള ചാപ്റ്റർ നിയുക്ത പ്രസിഡന്റ് ഡോ ശ്രീകാന്ത് മൂർത്തി, കോഴിക്കോട് ഗവ.മെഡിക്കൽ കോളേജ് മുൻ പ്രിൻസിപ്പൽ റേഡിയോളജി ഹെഡ് ഡോ. കെ. രാജേന്ദ്രൻ, ഐ.എം.എ. കൊച്ചി സെക്രട്ടറി ഡോ. ജോർജ് തൂക്കുളം, ഐ.എസ്.വി.ആർ കേരള ചാപ്റ്റർ ജോയിന്റ് സെക്രട്ടറി ഡോ. രാജേഷ് ആന്റണി, വൈസ് പ്രസിഡണ്ട് ഡോ. ശക്തി പാർവതി എന്നിവർ സെഷനിൽ സംസാരിച്ചു.

കാലുകളിലേക്കുള്ള രക്തയോട്ടം പുനഃസ്ഥാപിക്കുന്നതിന് മിനിമലി ഇൻവേസിവ് രീതികളാണ് അവലംഭിക്കുന്നതെന്ന് , ഇന്റർവെൻഷണൽ റേഡിയോളജിസ്റ്റ് ഡോ. ശ്രീകാന്ത് മൂർത്തി പറഞ്ഞു.

നൂതന സാങ്കേതിക വിദ്യകളുടെ സഹായത്തോടെ രക്തക്കുഴലുകളുടെ പ്രശ്നങ്ങൾ കൃത്യമായി തിരിച്ചറിഞ്ഞ് സുക്ഷ്മമായ ഇടപെടലുകൾ നടത്താൻ സഹായിക്കുന്നുവെന്ന് അദ്ദേഹം പറഞ്ഞു.

ഇന്റർവെൻഷണൽ റേഡിയോളജിയുടെ മറ്റൊരു പ്രധാന നേട്ടം വളരെ ചുരുങ്ങിയ ആശുപത്രി വാസത്തിലൂടെ രോഗ ചികിത്സ സാധ്യമാക്കുകമാണെന്ന് ഡോ. രാജേന്ദ്രൻ പറഞ്ഞു. ചെലവു കുറയ്ക്കുക മാത്രമല്ല, രോഗികൾക്ക് സമയബന്ധിതമായി പരിചരണം ലഭിക്കാനും അത് സഹായിക്കും.

മെഡിക്കൽ വൈദഗ്ധ്യം, നൂതന സാങ്കേതികവിദ്യയുടെയും വ്യക്തി കേന്ദ്രീകൃത പരിചരണത്തിന്റെയും സഹായത്തോടെയാണ് ഇന്റർവെൻഷൻ റേഡിയോളജി രോഗികളുടെ ജീവിതം മെച്ചപ്പെടുത്തുന്നതെന്ന് ഓർഗനൈസിംഗ് സെക്രട്ടറി ഡോ. ലിജേഷ് കുമാർ പറഞ്ഞു.

ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നായി നൂറിലധികം ഇന്റർവെൻഷണൽ റേഡിയോളജിസ്റ്റുകളും മറ്റ് വിദഗ്ദ്ധരും സമ്മേളനത്തിൽ പങ്കെടുത്തു.ഡോ. സന്തോഷ് ജോസഫ്,ഡോ ലിജേഷ് കുമാർ, ഡോ ബ്രിജേഷ് റേ, ഡോ രോഹിത് പി.വി നായർ, ഡോ രാജേഷ് ആന്റണി, ഡോ ശക്തി പാർവതി, ഡോ ജിത്തു എന്നിവർ സമ്മേളനത്തിന് നേതൃത്വം നൽകി.

# ഗോദ്റെജ് ലേ അഫയറും ദി ലേബൽ ലൈഫും ചേർന്ന് ഫാഷൻ ഷോ സംഘടിപ്പിച്ചു

**കൊച്ചി:** ഗോദ്റെജ് ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെയും അസോസിയേറ്റ് കമ്പനികളുടെയും ക്യൂറേറ്റഡ് എക്സ്പീരിയൻഷ്യൽ ലക്ഷ്വറി ലൈഫ്സ്റ്റൈൽ പ്ലാറ്റ്ഫോമായ ഗോദ്റെജ് ലേ അഫെയറിന്റെ ആറാമത്തെ പതിപ്പ് ഫാഷൻ ഷോ സംഘടിപ്പിച്ചു. പതിവിൽ നിന്നും വ്യത്യസ്തമായി എല്ലാവരിലും പ്രതിധ്വനിക്കുന്ന വിധത്തിൽ ലേബൽ ലൈഫിന്റെ രാവിലെ മുതൽ വൈകിട്ട് വരെ ഉപയോഗിക്കാവുന്ന പല തരം വസ്ത്രശൈലികളിലാണ് പ്രദർശിപ്പിച്ചത്.

അതിരാവിലെ ഉപയോഗിക്കുന്ന കാഷ്വൽ വസ്ത്രത്തിൽ നിന്ന് രാത്രി പാർട്ടിക്ക് തയ്യാറുള്ള രൂപത്തിലേക്ക് മാറിയ മോഡലുകൾ, ഔട്ട്ഡോർ, പിക്നിക് വസ്ത്രങ്ങൾ എന്നിവയും ഉപയോഗിച്ചു. ഗോദ്റെജ് പ്രൊഫഷണൽ സ്റ്റൈലിസ്റ്റുകൾ മോഡലുകളെ ഏറ്റവും മികച്ചതാക്കുന്നതിനായി അവരുടെ ഹെയർസ്റ്റൈലും മൊത്തത്തിലുള്ള രൂപവും ഷോയിലുടനീളം തീമാറ്റിക് അവതരണങ്ങളും ഉറപ്പാക്കി.

വൈവിധ്യമായിരുന്നു ഷോയുടെ പ്രധാന ആകർഷണം. ഡൗൺ സിൻഡ്രോം ഉള്ള മോഡലുകൾ, പ്ലസ്സൈസ് മോഡലുകൾ, വിവിധ വംശങ്ങളിൽ നിന്നുള്ള മോഡലുകൾ എന്നിവ ഉൾക്കൊള്ളുന്ന ഇൻക്ലൂസിവിറ്റിയിൽ ലേബൽ ലൈഫ് ശക്തമായ നിലപാട് സ്വീകരിച്ചു. 'ഫാഷൻ എന്നാൽ ഒഴിവാക്കലല്ല,' ദി ലേബൽ ലൈഫിന്റെ സ്റ്റൈൽ എഡിറ്റർ മലൈക അറോറ പറയുന്നു.

'ഗോദ്റെജ് എൽ അഫയറും ദി ലേബൽ ലൈഫും തമ്മിലുള്ള ഈ സഹകരണം നവീകരണത്തിലും ഉൾപ്പെടുത്തലിലുമുള്ള ഞങ്ങളുടെ പങ്കിട്ട പ്രതിബദ്ധതയെ വ്യക്തമാക്കുന്നു. ഫാഷൻ ഷോയെ അഭിനന്ദിച്ചുകൊണ്ട്, ഗോദ്റെജ് ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെയും അസോസിയേറ്റ് കമ്പനികളുടെയും എക്സിക്യൂട്ടീവ് ഡയറക്ടറും ചീഫ് ബ്രാൻഡ് ഓഫീസറുമായ തന്യാ ദുബാഷ് പറഞ്ഞു.

# പാലക്കാട് വ്യാവസായിക ട്രൈബ്യൂണൽ

**പാലക്കാട്:** വ്യാവസായിക ട്രൈബ്യൂണലും ഇൻഷുറൻസ് കോടതി ജഡ്ജിയും എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണറുമായ സാബു സെബാസ്റ്റ്യൻ മെയ് 6, 7, 13, 14, 20, 21, 27, 28 തീയതികളിൽ പാലക്കാട് റവന്യൂ ഡിവിഷണൽ മജിസ്ട്രേറ്റ് കോടതി ഹാളിലും 3, 9, 31 തീയതികളിൽ പെരിന്തൽമണ്ണ സബ്ബ് ഡിവിഷണൽ മജിസ്ട്രേറ്റ് കോടതി ഹാളിലും 17, 24 തീയതികളിൽ മഞ്ചേരി ഇന്ദിരാഗാന്ധി ബസ് ടെർമിനൽ ബിൽഡിംഗിലെ ഒന്നാം നിലയിലെ കോടതി ഹാളിലും തൊഴിൽ തർക്ക കേസുകളും ഇൻഷുറൻസ് കേസുകളും എംപ്ലോയീസ് കോമ്പൻസേഷൻ കേസുകളും വിചാരണ ചെയ്യും.

# പോള തിങ്ങിനിറഞ്ഞു തോടുകളും കായലും

**കുമരകം:** ജലാശയങ്ങളിൽ പൂർണമായി പോളതിങ്ങി നിറഞ്ഞതോടെ വിനോദസഞ്ചാര മേഖലയ്ക്കൊപ്പം സാധാരണ യാത്രക്കാരുടെ ആശ്രയമായിരുന്ന ബോട്ട് സർവീസും പ്രതിസന്ധിയിലായി. ജില്ലയിലെ പ്രധാന വിനോദ സഞ്ചാര കേന്ദ്രങ്ങളായ കുമരകം, അയ്മനം മലരിക്കൽ തുടങ്ങിയ സ്ഥലങ്ങളിലേക്ക് വിനോദയാത്രയ്ക്കായി ആളുകൾ എത്തുന്നില്ല.

ആഫ്രിക്കൻ പായലും ജർമൻ പരോളയും വില്ലനായി തീർന്നിരിക്കുന്നത് ജില്ലയുടെ പടിഞ്ഞാറൻ മേഖലയെ ഏറെ ദോഷകരമായി ബാധിച്ചിരിക്കുകയാണ്. എന്നാലിതിന് പരിഹാരം കാണാൻ വേണ്ടപ്പെട്ട വകുപ്പുകൾക്കൊന്നും സാധിക്കുന്നില്ല.



കോട്ടയം ആലപ്പുഴ ബോട്ട് സർവീസ് നിർത്തിവച്ചിട്ട് ദിവസങ്ങളായി. ആലപ്പുഴയിൽനിന്നും കോട്ടയത്തേക്ക് മൂന്നു ബോട്ടുകളാണ് സർവീസ് നടത്തിയിരുന്നത്. അവ കൃഷ്ണൻകുട്ടി മുക്കിൽ സർവീസ് നിർത്തുകയാണ്.

വെട്ടിക്കാട്ട്മുക്ക് ഭാഗത്തെ പോളക്കുള്ളിലൂടെ ബോട്ട് ഓടിക്കാൻ ആകുന്നില്ല. മുഹമ്മയിൽ നിന്നും മണിയാപറമ്പിലേക്കും ഇപ്പോൾ ബോട്ടില്ല. പരോള നിറഞ്ഞ തരോട്ടിലൂടെ സർവീസ് നടത്തി നടത്തി ബോട്ട് കേടായതായി മുഹമ്മ സ്റ്റേഷൻമാസ്റ്റർ ദീപികയോടു പറഞ്ഞു.

തണ്ണീർമുക്കം ബണ്ട് കുറച്ചുഭാഗം തുറന്നിട്ടുണ്ടെങ്കിലും പോള ഒഴുകി മാറുന്നില്ല.

വള്ളിച്ചെടികൾ പടർന്ന് കിടക്കുന്നതിനാൽ ശക്തമായ ഒഴുക്ക് അനുഭവപ്പെട്ടാൽ മാത്രമേ കുറെ പോളയെങ്കിലും ഒഴുകിപ്പോകൂ.

നല്ല നിലയിൽ ഉപ്പുവെള്ളം അപ്പർകുട്ടനാടൻ ജലാശയങ്ങളിലെത്തിയാലെ പോള സ്വയം നശിക്കൂ. ഇക്കുറി ബണ്ടിൻറെ ഷട്ടറുകൾ ഇതുവരെ മുഴുവൻ ഉയർത്താത്തതിനാൽ അത് സാധ്യമാകുകയുമില്ല.





# വിത്തുകൾക്ക് ക്ഷാമം; വിലയിൽ കയറ്റം

**കോട്ടയം:** കാലാവസ്ഥാ വ്യതിയാനത്തിൽ ഉത്പാദനവും വിളവെടുപ്പും കുറഞ്ഞതോടെ കാർഷിക നടീൽ വിഭവങ്ങൾക്ക് കടുത്ത ക്ഷാമം.

വിപണിയിൽ വിത്തുകൾക്ക് റിക്കാർഡ് വിലയും. വിത്ത് ചേന കിലോയ്ക്ക് 100, ഇഞ്ചി 250 രൂപ നിരക്കിലെത്തി. കണ്ണൻ ചേമ്പ് വിത്തിന് 100, കാച്ചിൽ 40 രൂപ നിരക്കിലാണ് വിൽപന. ചീമച്ചേമ്പ് തടയ്ക്ക് കർഷക ഓപ്പൺ മാർക്കറ്റുകളിൽ കിലോ 30 രൂപ വരെ വിലയുണ്ട്. നനകിഴങ്ങ് പോലുള്ള പഴയ കിഴങ്ങ് ഇനങ്ങളിൽ പലതും കൃഷിയിടങ്ങളിൽനിന്ന് അന്യമായി.കപ്പത്തണ്ടിന് അഞ്ചു രൂപ മുതൽ 10 രൂപ വരെ വിലയെത്തി. പച്ചക്കപ്പവില 40 രൂപ കടന്നതോടെയാണ് തണ്ടിനും വിലയായത്. കോവിഡ് വ്യാപനത്തോടെ കർഷക ഓപ്പൺമാർക്കറ്റുകൾ നിലച്ചതാണ് വിത്ത് ക്ഷാമത്തിന് പ്രധാന കാരണം. ന്യായവിലയ്ക്ക് ഉത്പന്നങ്ങൾ വിൽക്കാൻ സംവിധാനമില്ലാത്തതിനാൽ കൃഷി നിർത്തിയവരുമുണ്ട്. നാടൻ വാഴക്കുലയ്ക്ക് ന്യായവില ലഭിക്കാത്തതും കർഷകരെ വലയ്ക്കുന്നു. 20 രൂപയ്ക്ക് വാഴവിത്തു വാങ്ങി വളവും വെള്ളവും നൽകി കുല വിറ്റാൽ കർഷകന് കിട്ടുന്നത് തുശ്ചമായ വില. ഞാലിപ്പൂവൻ നാടൻ കുലകൾക്ക് ഡിമാൻഡ് നന്നേ കുറഞ്ഞു. വിലപേശി വിൽക്കാൻ കർഷകർക്ക് അവസരമില്ലാതെ വന്നതാണ് നിലവിലെ പ്രതിസന്ധി.






# റെയിൽവേ സ്റ്റേഷനുകളിൽ കുടിവെള്ളം ഉറപ്പാക്കാൻ പദ്ധതി തയാറാക്കി

**ഷൊർണൂർ:** കൊടും ചൂടിൽ യാത്രക്കാർക്കു ശുദ്ധജലമുറപ്പാക്കാൻ റെയിൽവേ നടപടികൾ തുടങ്ങി. റെയിൽവേ സ്റ്റേഷനുകളിൽ വാട്ടർ കൂളറുകൾ സ്ഥാപിച്ച് കുടിവെള്ളം ഉറപ്പാക്കാനാണ് തീരുമാനം.

സ്റ്റേഷനുകളുടെ വലുപ്പവും യാത്രക്കാരുടെ എണ്ണവും അനുസരിച്ച് ചെറിയ സ്റ്റേഷനുകളിലും ശുദ്ധജല ലഭ്യത ഉറപ്പാക്കാൻ നിർദേശം നൽകിയിട്ടുണ്ട്. അതിനായി കൂളറുകൾ സ്ഥാപിക്കുന്നതിനു വേണ്ടി അവിടങ്ങളിൽ ഉടൻ പരിശേ!ാധന നടത്തും.

സാധാരണ ശുദ്ധജലവും തണുത്ത വെള്ളവും കൂളറിൽ നിന്നു ലഭിക്കും. ചൂടുവെള്ളം ലഭിക്കുന്നവയും ചിലയിടത്തുണ്ടാകും. തുടർച്ചയായ ശുദ്ധജല ലഭ്യത ഉറപ്പാക്കാൻ ആവശ്യമെങ്കിൽ തദ്ദേശസ്ഥാപനങ്ങളുടെ സഹായം തേ!ടാൻ ഡിവിഷൻ അധികൃതർ നിർദേശം നൽകി. സ്റ്റേഷനുകളിൽ കൂടാതെ ട്രെയിനുകളിലും കൂടുതൽ തവണ വാട്ടർ ബേ!ാട്ടിലുകൾ എത്തിക്കാനുള്ള നടപടിയും ആരംഭിച്ചു.

ദീർഘദൂര ട്രെയിനുകളിൽ പലപ്പേ!ാഴും ആവശ്യത്തിനു ശുദ്ധജലം ലഭിക്കുന്നില്ലെന്ന പരാതി വ്യാപകമാണ്. പല സന്ദർഭങ്ങളിലും ഇക്കാര്യം യാത്രക്കാർ അധികൃതരുടെ ശ്രദ്ധയിൽപെടുത്താറുണ്ടെങ്കിലും നടപടി ഉണ്ടാകാറില്ല. നേരത്തേ ശുദ്ധജലം ലഭ്യമായിരുന്ന സൗകര്യങ്ങളും പലയിടത്തും ഇല്ലാതായി. റെയിൽവേയുടെ കുപ്പിവെള്ളമായ 'റെയിൽ നീർ' കുറച്ചു വർഷമായി ആവശ്യമനുസരിച്ചു ലഭ്യമല്ല. പകരം ഗുണനിലവാര പരിശേ!ാധനയുടെ അടിസ്ഥാനത്തിൽ ഡിവിഷൻ തെരഞ്ഞെടുത്ത മൂന്നു സ്വകാര്യകമ്പനിയുടെ കുപ്പിവെള്ളം വിതരണത്തിനുണ്ട്. ഐആർസിടിസിയുടെ നേതൃത്വത്തിൽ മിക്ക സ്റ്റേഷനുകളിലും സ്ഥാപിച്ച വാട്ടർ വെൻഡിംഗ് മെഷീനുകളുടെ പ്രവർത്തനം കേ!ാവിഡ് കാലത്തു നിലച്ചു. ഇതുവഴി അഞ്ചു രൂപയ്ക്ക് കുപ്പിവെള്ളം ലഭിച്ചിരുന്നു. പ്ലാസ്റ്റിക് മാലിന്യം ഒഴിവാക്കാൻ പ്ലാസ്റ്റിക് ബോട്ടിലുകൾ പെ!ാടിക്കാനുള്ള സംവിധാനവും സ്ഥാപിച്ചിരുന്നു. നിലവിൽ പല സ്റ്റേഷനുകളിലും വാട്ടർടാപ്പുകൾ ഉണ്ട്.



# വാഴാനി ഡാമിൽ ജലനിരപ്പ് താഴ്ന്നു

**വടക്കാഞ്ചേരി:** നഗരസഭ, തെക്കുംകര, എരുമപ്പെട്ടി, കടങ്ങോട്, കണ്ടാണശേരി, മുല്ലശേരി, ചൂണ്ടൽ, തോളൂർ പഞ്ചായത്തുകൾ ഉൾപ്പെടെയുള്ള ഭാഗങ്ങൾ കുടിവെള്ളത്തിനായി ആശ്രയിക്കുന്നത് വാഴാനി ഡാമിലെ ജലത്തെയാണ്.

കഴിഞ്ഞ ദിവസങ്ങളിൽ ഡാമിൻറെ വൃഷ്ടിപ്രദേശങ്ങളിൽ കനത്ത ചൂടാണ് അനുഭവപ്പെട്ടത്. ഇതുകൊണ്ടുതന്നെ ജലനിരപ്പും ക്രമാതീതമായി താഴുകയാണ്. നിലവിൽ സംഭരണശേഷിയുടെ 20 ശതമാനം വെള്ളം മാത്രമാണ് ഡാമിൽ അവശേഷിക്കുന്നത്. ഇതാകട്ടെ 3.73 മില്യൺ ക്യുബിക്ക് മീറ്റർ ജലമാണ്.

വേനൽമഴ കാര്യമായി കനിഞ്ഞില്ലെങ്കിൽ കുടിവെള്ളത്തിനും കാർഷികമേഖലയും കടുത്ത പ്രതിസന്ധിയാണ് നേരിടേണ്ടിവരിക.



# ഭാരതപ്പുഴയ്ക്കു കുറുകെയുള്ള റെയിൽവേ പാലത്തിൻെറ നിർമാണം തുടങ്ങി

**വടക്കാഞ്ചേരി:** ചെറുതുരുത്തിയിൽ ഭാരതപ്പുഴയ്ക്കു കുറുകെയുള്ള റെയിൽവേ പാലത്തിൻറെ നിർമാണപ്രവർത്തനങ്ങൾക്കു തുടക്കമായി. നൂറ്റാണ്ടുകൾ പഴക്കമുള്ള ബ്രിട്ടീഷുകാർ നിർമിച്ച റെയിൽവേ പാലത്തിൻറെ നിർമാണമാണ് കഴിഞ്ഞദിവസം ആരംഭിച്ചത്. തൃശൂർ ഭാഗത്തുനിന്നും ഷൊർണൂർ ഭാഗത്തേക്കുള്ള പാലമാണ് ഇപ്പോൾ നിർമിക്കുന്നത്.

പാലത്തിൻറെ പില്ലറുകൾ ഉറപ്പുള്ളതിനാൽ അതു നിലനിർത്തിയാണ് മറ്റു പണികൾ നടക്കുന്നത്. പാലത്തിൻറെ നിർമാണാവശ്യങ്ങൾക്കായി പുഴയിലൂടെ താത്കാലിക റോഡ് നിർമിച്ചിട്ടുണ്ട്. പാലത്തിൻറെ ഉരുക്കുഗർഡറുകൾ മാറ്റി പുതിയതു സ്ഥാപിക്കലാണ് പ്രധാനമായും നടക്കുന്നത്. വലിയ ക്രെയിനുകൾ ഉപയോഗിച്ചാണ് നിർമാണപ്രവർത്തനങ്ങൾ നടക്കുന്നത്.പാലത്തിൻറെ പണികൾ നടക്കുന്നതിനാൽ ട്രെയിനുകളുടെ സമയത്തിൽ മാറ്റമുണ്ടാകുമെന്ന് അധികൃതർ അറിയിച്ചു.

# ഡിജിറ്റൽ മാർക്കറ്റിംഗ് വർക്ക്ഷോപ്പ്

**കൊച്ചി:** സംരംഭകർക്കായി വ്യവസായ വാണിജ്യ വകുപ്പിന്റെ സംരംഭകത്വ വികസന ഇൻസ്റ്റിറ്റ്യൂട്ടായ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് (കെ.ഐ.ഇ.ഡി), മൂന്ന് ദിവസത്തെ 'ഡിജിറ്റൽ മാർക്കറ്റിംഗ്' വർക്ക്ഷോപ്പ് സംഘടിപ്പിക്കുന്നു. മെയ് 6 മുതൽ 8 വരെ കളമശേരി കെ.ഐ.ഇ.ഡി ക്യാമ്പസിലാണ് പരിശീലനം. എം.എസ്.എം.ഇ മേഖലയിലെ സംരംഭകർ/എക്സിക്യൂട്ടീവ്സ് എന്നിവർക്ക് പരിശീലനത്തിൽ പങ്കെടുക്കാം. ഡിജിറ്റൽ പ്രമോഷനുകൾ, ഇ മെസ്സേജിംഗ് മാനേജ്മെന്റ്, ഫേസ്ബുക്ക് ഓട്ടോമേഷൻ, ഇൻസ്റ്റാഗ്രാം അനലിറ്റിക്സ്, മീഡിയ പ്രമോഷനുകളും പ്രൊഡക്ഷനുകളും, ബിസിനസ്സ് ഓട്ടോമേഷൻ, പരമ്പരാഗത വിപണികളിൽ ഡിജിറ്റൽ മാർക്കറ്റിംഗിന്റെ സ്വാധീനം, പ്രാക്ടിക്കൽ സെഷനുകൾ തുടങ്ങിയ നിരവധി വിഷയങ്ങളാണ് പരിശീലനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 2,950 രൂപയാണ് മൂന്ന് ദിവസത്തെ പരിശീലനത്തിന്റെ ഫീസ് (കോഴ്സ് ഫീ, സെർട്ടിഫിക്കേഷൻ, ഭക്ഷണം, താമസം, ജി.എസ്.ടി ഉൾപ്പെടെ). താമസം ആവശ്യമില്ലാത്തവർക്ക് 1,200 രൂപയാണ് മൂന്നു ദിവസത്തെ പരിശീലനത്തിന്റെ ഫീസ്. പട്ടികജാതിപട്ടികവർഗ വിഭാഗത്തിൽപെട്ടവർക്ക് 1,800 രൂപ താമസം ഉൾപ്പെടെയും, 800 രൂപ താമസം കൂടാതെയുമാണ് പരിശീലനത്തിന്റെ ഫീസ്. പങ്കെടുക്കാൻ താത്പര്യമുള്ളവർ ഓൺലൈനായി http://kied.infot/raining-calender/ ൽ മെയ് 2ന് മുമ്പ് അപേക്ഷ സമർപ്പിക്കണം. തെരഞ്ഞെടുക്കപ്പെടുന്ന 35 പേർ ഫീസ് അടച്ചാൽ മതി. കൂടുതൽ വിവരങ്ങൾക്ക്: 04842532890/0484 2550322/9188922800.



## ലിറ്റ്സിയ വാഗമണിക: പുതിയ ഇനം കുറ്റിപ്പാണൽ വാഗമണ്ണിൽ കണ്ടെത്തി

**പത്തനംതിട്ട:** വാഗമൺ മലനിര ഇനിയും കണ്ടെത്താത്ത ജൈവവൈവിധ്യത്തിന്റ അപൂർവ കലവറയെന്ന് തെളിയിച്ച് പുതിയ സസ്യത്തെ കണ്ടെത്തി സസ്യശാസ്ത്ര ഗവേഷകൻ. തുരുത്തിക്കാട് ബിഎഎം കോളജ് ബോട്ടണി അസിസ്റ്റന്റ് പ്രഫസർ ഡോ.എ.ജെ.റോബി, കോഴഞ്ചേരി സെന്റ് തോമസ് കോളജ് ബോട്ടണി ഗവേഷക രേവതി വിജയശർമ എന്നിവരാണ് കുറ്റിപ്പാണൽ വിഭാഗത്തിൽപെട്ട പുതിയ സസ്യം കണ്ടെത്തിയത്. ന്യൂസീലൻഡിൽ നിന്നുള്ള രാജ്യാന്തര പ്രസിദ്ധീകരണമായ ഫൈറ്റോ ടാക്സയുടെ പുതിയ ലക്കത്തിൽ പഠനം പ്രസിദ്ധീകരിച്ചു.

ലിറ്റ്സിയ വാഗമണിക എന്നാണ് ലൊറേസിയ കുടുംബത്തിലെ ഈ പുതിയ സസ്യത്തിന്റെ പേര്. സമുദ്ര നിരപ്പിൽനിന്ന് 1000 മീറ്റർ ഉയരമുള്ള നിത്യഹരിത വനപ്രദേശത്താണ് ഇതു കണ്ടെത്തിയത്.




## ദേശീയ ചാമ്പ്യൻഷിപ്പിന് യോഗ്യത നേടി മുത്തൂറ്റ് എഫ്എ

**കോഴിക്കോട്:** നാഷണൽ ഗ്രൂപ്പ് സ്റ്റേജ് മൽസരങ്ങളുടെ അവസാന ദിനത്തിൽ എഫ്സി ഗോവയെ ഏകപക്ഷീയമായ അഞ്ച് ഗോളുകൾക്ക് തോൽപ്പിച്ചാണ് മുത്തൂറ്റ് എഫ്എ ദേശീയ ചാമ്പ്യൻഷിപ്പിലേക്ക് യോഗ്യത നേടിയത്.

റിലയൻസ് ഫൗണ്ടേഷൻ ഡെവലപ്മെന്റ് ലീഗിലെ(ആർഎഫ്ഡിഎൽ) മികച്ച മൽസരക്ഷമതയും അച്ചടക്കത്തോടെയുള്ള പ്രകടനവുമാണ് തങ്ങളെ നാഷണൽ ചാമ്പ്യൻഷിപ്പിലേക്ക് യോഗ്യത നേടാൻ പ്രാപ്തമാക്കിയതെന്ന് മുത്തൂറ്റ് എഫ്എ ക്യാപ്റ്റൻ അർജുൻ രാജ് പറഞ്ഞു. നാഷണൽ ഗ്രൂപ്പ് സ്റ്റേജ് മൽസരങ്ങൾ ആർഎഫ്ഡിഎല്ലുമായി ചേർന്നാണ് കേരള ഫുട്ബോൾ അസോസിയേഷൻ സംഘടിപ്പിക്കുന്നത്. മുത്തൂറ്റിന് വേണ്ടി മുഹമ്മദ് റിഷാദ് ഗഫൂർ ഹാട്രിക് ഗോൾ നേടി മികവ് കാട്ടി. 'ഞങ്ങൾക്കിത് വളരെ കടുപ്പമേറിയതും വെല്ലുവിളി നിറഞ്ഞതുമായ മത്സരമായിരുന്നു. അവരുടെ തന്ത്രപരമായ അച്ചടക്കം കാരണം ഞങ്ങളുടെ താളം നിലനിർത്താൻ വളരെ ബുദ്ധിമുട്ടായിരുന്നു. എതിരാളികൾ വളരെ നന്നായി കളിച്ചു, കാരണം അവർ ഐഎസ്എൽ റിസർവ് ടീമാണെന്നും മുത്തൂറ്റ് എഫ്എ ക്യാപ്റ്റൻ അർജുൻ രാജ് മത്സരത്തിന് ശേഷം പറഞ്ഞു.രണ്ടാം പകുതിയിൽ, ഞങ്ങൾ അച്ചടക്കത്തോടെ കളിച്ച് മൽസരം കൈപ്പിടിയിലൊതുക്കി, തുടർച്ചയായി മൂന്ന് ഗോളുകൾ നേടി, ഹാട്രിക് നേടിയതിന് ടീമിലെ ഏറ്റവും പ്രായം കുറഞ്ഞ താരം റിഷാദിന് പ്രത്യേക നന്ദി, ഞങ്ങളെ അടുത്ത ലെവലിലേക്ക് യോഗ്യത നേടാൻ അത് സഹായിച്ചു," അർജുൻ കൂട്ടിച്ചേർത്തു.വ്യാഴാഴ്ച്ച ഇതേ ഗ്രൗണ്ടിൽ നടന്ന മറ്റൊരു മൽസരത്തിൽ പറപ്പൂർ എഫ്സിയാണ് വിജയിച്ചത്. ജിഎംഎസ്സിയെ അവർ 71 എന്ന സ്കോറിന് തകർത്തു. അനന്ദു നമ്പ്രത്ത് സുന്ദ്രൻ, ഹാഫിസ് പി.എ. എന്നിവർ ഹാട്രിക്ക് നേടി ആവേശം തീർത്തു. പരപ്പൂർ എഫ്സിക്ക് വേണ്ടി കമർതാജ് കെകെ ഒരു ഗോൾ നേടി. 45ാം മിനിറ്റിൽ ക്രിസ്റ്റഫർ രാജ്കുമാർ മാത്രമാണ് ജിഎംഎസ്സിക്ക് വേണ്ടി ഗോൾ നേടിയത്.

## ടൂറിസം പാർക്ക് പുനരുദ്ധാരണം നീളുന്നു



**വിഴിഞ്ഞം:**ഹാർബർ റോഡിലെ ടൂറിസം പാർക്ക് പുനരുദ്ധാരണം നീളുന്നു.ബൊള്ളാർഡ് പുൾ ടെസ്റ്റ് കേന്ദ്രത്തിനു സമീപം പത്തു വർഷം മുൻപ് ടൂറിസം വകുപ്പു നടപ്പാക്കിയ പാർക്ക് ഉദ്ഘാടനത്തിനു പിന്നാലെ പരിപാലനമില്ലാത്തതിനെ തുടർന്ന് തകരുകയായിരുന്നു. വർഷങ്ങൾക്കു ശേഷം നഗരസഭക്ക് കൈമാറിയെങ്കിലും ഇതിനിടെ പാർക്കിലെ നിർമിതികളും കുട്ടികളുടെ വിനോദോപാധികളും തകർന്നിരുന്നു. തുടർന്ന് നഗരസഭ പുനരുദ്ധാരണ പദ്ധതി പ്രഖ്യാപിച്ചുവെങ്കിലും നടപ്പാക്കുന്നതു നീളുകയാണ്. വിശാല കടൽത്തീരത്ത് സൗന്ദര്യവത്കരണത്തിന്റെ ഭാഗമായാണ് പാർക്ക് സ്ഥാപിച്ചത്.കുട്ടികളുടെ കളിക്കോപ്പുകൾ, ഇരിപ്പിടങ്ങൾ, സംരക്ഷണ വേലി, ടൈലുകൾ എന്നിവയെല്ലാം തകർന്നു.കഫറ്റേറിയ, ടോയ്ലറ്റ് എന്നിവയും ഉപയോഗ ശൂന്യമായി. ഇപ്പോഴിവിടം മാലിന്യം തള്ളാനുള്ള ഇടമായി മാറിയിരിക്കെയാണ്.

വർഷകാലത്തിനു മുൻപേ പുനരുദ്ധാരണം നടന്നില്ലെങ്കിൽ കൂടുതൽ തകർച്ചയുണ്ടായേക്കാമെന്നാണ് ആശങ്ക. ഇവിടെ നിന്നുള്ള കടൽക്കാഴ്ച മനോഹരമാണ്. രാജ്യാന്തര തുറമുഖ നിർമാണ കാഴ്ചയും ഇവിടെ ദൃശ്യമാണ്. ഈ കാഴ്ചകൾക്കായി ദിവസവും നിരവധി സ്വദേശ സഞ്ചാരികളാണ് ഇവിടെ എത്തുന്നത്. പ്രദേശത്ത് മൽസ്യവിഭവങ്ങൾക്കുമാത്രമായി നൂറോളം ഹോട്ടലുകളുണ്ട്.

നഗരത്തിരക്ക് ഒഴിവാക്കി കടൽകാറ്റേറ്റു ഭക്ഷണം ആസ്വദിക്കാൻ ദൂരെ സ്ഥലങ്ങളിൽ നിന്നുൾപ്പെടെയുള്ളവരുടെ തിരക്കുണ്ട്.

## കൃഷി: ചൂട്, ഇതരസംസ്ഥാന തൊഴിലാളികളുടെ മടക്കം, തേയില ഏലത്തോട്ടങ്ങൾ പ്രതിസന്ധിയിൽ



**പീരുമേട്:** കടുത്ത ചൂടും തിരഞ്ഞെടുപ്പിൽ വോട്ട് ചെയ്യുന്നതിനു ഇതര സംസ്ഥാന തൊഴിലാളികൾ കൂട്ടത്തോടെ സ്വദേശത്തേക്കു മടങ്ങിയതും വൻകിട ചെറുകിട തേയില, ഏലത്തോട്ടങ്ങളിലെ പ്രവർത്തനങ്ങളെ പ്രതിസന്ധിയിലേക്കു തള്ളിവിടുന്നു. കൊടും വേനലിൽ ഉൽപാദനം ഗണ്യമായി കുറഞ്ഞതോടെ തോട്ടങ്ങൾ കൂടുതൽ നഷ്ടത്തിലായി കഴിഞ്ഞു.

ഇതിനു പുറമേ നൂറുകണക്കിനു ഇതര സംസ്ഥാന തൊഴിലാളികൾ തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ചതു മുതൽ സ്ഥലം വിട്ടുപോയതും വ്യവസായത്തിനു വലിയ തിരിച്ചടി സമ്മാനിച്ചു.

ചൂട് 37 ഡിഗ്രി സെൽഷ്യസിൽ എത്തുകയും വേനൽമഴ ലഭിക്കാതെ വരികയും ചെയ്തതോടെ പച്ചക്കൊളുന്ത് ഉൽപാദനം വൻതോതിൽ കുറഞ്ഞു. ഏലച്ചെടികൾ ഉണങ്ങി നശിച്ചു തുടങ്ങി. ഡിസംബറിനു ശേഷം മഴ ലഭിക്കാത്തതാണ് തോട്ടങ്ങളുടെ നടത്തിപ്പ് വെല്ലുവിളിയായി മാറ്റിയത്. കഴി!ഞ്ഞ വർഷം ഏപ്രിൽ മാസം 9 ശതമാനം മഴ തോട്ടം മേഖലയിൽ ലഭിച്ചിരുന്നു എന്നാണ് എസ്റ്റേറ്റുകളിലെ കണക്കുകളിൽ പറയുന്നത്.

എന്നാൽ ഇത്തവണ ഓരോ ദിവസം കഴിയും തോറും ചൂട് കൂടി വരുന്നതാണു സാഹചര്യം. 7000 കിലോഗ്രാം പച്ചക്കൊളുന്ത് കിട്ടിയിരുന്ന തോട്ടങ്ങളിൽ ഇതു 2500 കിലോഗ്രാമിൽ താഴെയായി കുറഞ്ഞു. ഏലച്ചെടികൾ വ്യാപകമായി ഉണങ്ങി പോയി.ചെടികൾ നനയ്ക്കുന്നതിനു വെള്ളമില്ല. ഇവിടെയും ഉൽപാദനം നിലച്ചു. കുളങ്ങൾ എല്ലാം വറ്റി വരണ്ടു.

ഇതര സംസ്ഥാന തൊഴിലാളികൾ ഒന്നടങ്കം വോട്ടു ചെയ്യാൻ പോയതിനെ തുടർന്നു തോട്ടങ്ങളിലും കൃഷിയിടങ്ങളിലും ജോലികൾ മുടങ്ങി. തേയില തോട്ടങ്ങളിൽ ജോലി ചെയ്തിരുന്നവരിൽ കൂടുതൽ അസം തൊഴിലാളികൾ ആയിരുന്നു. എസ്റ്റേറ്റുകളിൽ പണിയെടുത്തു പരിചയമുള്ള ഇവർ കൊളുന്തെടുപ്പ് ഉൾപ്പെടെയുള്ള മുഴുവൻ ജോലികളും ചെയ്തിരുന്നു. ജാർഖണ്ഡ് സ്വദേശികൾ മടങ്ങിയതാണ് ഏലത്തോട്ടങ്ങളെ ബുദ്ധിമുട്ടിച്ചിരിക്കുന്നത്. തോട്ടങ്ങളെ മാത്രമല്ല ഇടത്തരം കർഷകരെയും ഇതര സംസ്ഥാന തൊഴിലാളികളുടെ അഭാവം കാര്യമായി ബാധിച്ചു കഴിഞ്ഞു.

## യൂറോപ്യൻ ഫുട്ബോൾ ക്യാംപ് മെയ് ഒന്നു മുതൽ

**കൊച്ചി :** കേരളത്തിലെ യുവ ഫുട്ബോൾ പ്രതിഭകളെ കണ്ടെത്താനും വളർത്താനും ലക്ഷ്യമിട്ട് സംസ്ഥാന കായിക മന്ത്രാലയത്തിന്റെയും, സ്പോർട്സ് കൗൺസിലിന്റെയും പിന്തുണയോടെ ആർബിഎസ് കോർപ്പറേഷനും ലീവേജ് സാറ്റോ ക്രെയിൻസും സംഘടിപ്പിക്കുന്ന ആർബിഎസ് യൂറോപ്യൻ ഫുട്ബോൾ ഇന്റർനാഷണൽ ക്യാംപ് മെയ് ഒന്നു മുതൽ അഞ്ചുവരെ കൊച്ചി കാക്കനാട് ഇൻഫോപാർക്ക് സംസ്കാര സ്കൂളിലും മെയ് 7 മുതൽ 11 വരെ മലപ്പുറം മാജിക് ലാൻഡ് സ്പോർട്സ് സിറ്റി, ബി ബി എം സ്പോട്ലാൻഡ് വില്ലേജിലും നടക്കും. കേരളത്തെ ഫുട്ബോൾ മികവിന്റെ ആഗോള കേന്ദ്രമാക്കാൻ ലക്ഷ്യമിട്ടുകൊണ്ട് ആരംഭിക്കുന്ന ഫുട്ബോൾ ക്യാംപ് റിയൽമാഡ്രിഡ് ഫൗണ്ടേഷൻ, പിഎ ടീം, എംജിഎൽ ഇവല്യൂഷൻ, കംപ്ലീറ്റ് ട്രെയിനിംഗ്, അപ്ഗ്രിറ്റ് (സ്പെയിൻ & സ്വീഡൻ) തുടങ്ങി ആഗോള സോക്കർ പരിശീലന രംഗത്തെ പ്രമുഖരുമായി ചേർന്നാണ് ആർബിഎസ് കോർപ്പറേഷൻ സംഘടിപ്പിക്കുന്നത്. മുൻ റയൽ മാഡ്രിഡ് താരങ്ങളായ അലജാന്ദ്രോ ഡയസ് ഡി ലാ റോസ, മിഗ്വൽ ഗോൺസാലസ് ലാർസൺ, ഒളിമ്പിക് മെഡൽ ജേതാവ് ജിമ്മി ലിഡ്ബെർഗ് എന്നിവരാണ് മുഖ്യ പരിശീലകർ, ഇവർക്കൊപ്പം സ്പെയിനിൽ നിന്നുള്ള നാല് യുവേഫ അംഗീകൃത പരിശീലകരും ഉണ്ടാകും.

സംസ്ഥാനത്തെ ഫുട്ബോൾ പ്രതിഭകളെ കണ്ടെത്തി അവർക്ക് മികച്ച അന്താരാഷ്ട്ര പരിശീലകരുടെ സേവനം ലഭ്യമാക്കാനാണ് പദ്ധതിയെന്ന് ആർബിഎസ് കോർപ്പറേഷൻ മാനേജ്മെന്റ് വ്യക്തമാക്കി.ക്യാമ്പിൽ പങ്കെടുക്കുന്നവർക്ക് തുടർ പരിശീലനത്തിനുള്ള സംവിധാനവും ഉണ്ടാകും.

# വേനലവധി ഓഫറുകളുമായി ദുബായ് ടൂറിസം

**ദുബായ്:** ചുട്ടുപൊള്ളുന്ന വേനൽ സൂര്യൻ ജ്വലിക്കുമ്പോൾ, ഇൻഡോർ അത്ഭുതങ്ങളുടെ ഒരു ശേഖരവുമായി ദുബായ് വിളിക്കുന്നു. വിസ്മയിപ്പിക്കുന്ന ആകർഷണങ്ങൾ മുതൽ സാംസ്കാരിക പര്യവേക്ഷണങ്ങളും വരെ, ദുബായ് എല്ലാ സീസണിലും വിനോദവും പ്രബുദ്ധതയും സുഖകരമായ തണുപ്പും നിലനിർത്തുന്നതിന് ഇൻഡോർ പ്രവർത്തനങ്ങളുടെ സമൃദ്ധി വാഗ്ദാനം ചെയ്യുന്നു.ദുബായുടെ ഹൃദയഭാഗത്തുള്ള സമൃദ്ധമായ ഉഷ്ണമേഖലാ മഴക്കാടായ ഗ്രീൻ പ്ലാനറ്റ് മൂവായിരത്തിലധികം ഇനം സസ്യങ്ങളുടെയും ജന്തുക്കളുടെയും ആവാസ കേന്ദ്രമാണ്. ഇവിടെ സന്ദർശകർക്ക് പ്രകൃതിയുടെ അത്ഭുതങ്ങളിൽ മുഴുകാനുള്ള അതുല്യമായ അവസരം ലഭിക്കും. ദുബായ് ഡോൾഫിനേറിയത്തിൽ ഡോൾഫിനുകളുടെ അക്രോബാറ്റിക് സ്റ്റണ്ടുകളും കളിയായ കോമാളിത്തരങ്ങളും കണ്ടു ആസ്വദിക്കുവാൻ നിങ്ങൾക്ക് സാധിക്കും. ഇത് മുഴുവൻ കുടുംബത്തിനും അവിസ്മരണീയമായ ഇൻഡോർ സാഹസികത സൃഷ്ടിക്കുന്നു. ലോകത്തിലെ ഏറ്റവും വലിയ ഇൻഡോർ തീം പാർക്കായ ഐഎംജി വേൾഡ്സ് ഓഫ് അഡ്വഞ്ചറിൽ ത്രസിപ്പിക്കുന്ന റൈഡുകൾ, പ്രിയപ്പെട്ട കാർട്ടൂൺ കഥാപാത്രങ്ങൾ തുടങ്ങിയവ എല്ലാ പ്രായത്തിലുമുള്ള സന്ദർശകർക്ക് അനന്തമായ ആവേശം വാഗ്ദാനം ചെയ്യും. പുരാതന അറ്റ്ലാന്റിസ് ജീവൻ പ്രാപിക്കുന്ന ലോസ്റ്റ് ചേമ്പർ അക്വേറിയത്തിലെ വെള്ളത്തിനടിയിലൂടെയുള്ള യാത്രയിലൂടെ സ്രാവുകൾ, കിരണങ്ങൾ, വർണ്ണാഭമായ മത്സ്യങ്ങൾ എന്നിങ്ങനെയുള്ള സമുദ്ര ജീവികളെ അടുത്ത് കാണാനും ആസ്വദിക്കുവാനും സാധിക്കും.



ലോകത്തിലെ ഏറ്റവും ആഴമേറിയ ഇൻഡോർ ഡൈവിംഗ് പൂളായ ഡീപ് ഡൈവ് ദുബായിയിൽ മുങ്ങിപ്പോയ നഗരദൃശ്യങ്ങളും വിസ്മയിപ്പിക്കുന്ന ആഴങ്ങളും നിറഞ്ഞ വെള്ളത്തിനടിയിലെ കാഴ്ചകൾ ഒരു അസാധാരണ അനുഭവം പ്രദാനം ചെയ്യും. കാലാതീതമായ ഗോൾഫ് കായികവിനോദവുമായി അത്യാധുനിക സാങ്കേതിക വിദ്യകൾ സമ്മേളിക്കുന്ന ടോപ്ഗോൾഫ് ദുബായിൽ കാലാവസ്ഥാ നിയന്ത്രിത ഹിറ്റിംഗ് ബേകളും രുചികരമായ ഭക്ഷണ പാനീയങ്ങളും ചടുലമായ അന്തരീക്ഷവും ഉള്ളതിനാൽ ഗോൾഫ് പ്രേമികൾക്കും കാഷ്വൽ കളിക്കാർക്കും ഒരുപോലെ അനുയോജ്യമായ ഇൻഡോർ ഡെസ്റ്റിനേഷനാണിത്. വൈൽഡ് പെയിന്റ് ഹൗസിൽ സ്പ്ലാറ്റ്, സ്പിൻ, പവർ, സ്വിംഗ്, നിയോൺ, ഗ്രാഫിറ്റി എന്നിങ്ങനെ ആറ് തനതായ പ്രവർത്തനങ്ങളിലൂടെ, ഊർജ്ജസ്വലമായ സ്റ്റുഡിയോ അന്തരീക്ഷത്തിൽ നിങ്ങളുടേതായ മാസ്റ്റർപീസുകൾ സൃഷ്ടിക്കുവാൻ നിങ്ങൾക്ക് അവസരം ലഭിക്കും. നൂതന സാങ്കേതികവിദ്യയിലൂടെയും സംവേദനാത്മക പ്രദർശനങ്ങളിലൂടെയും കല ജീവസുറ്റതാക്കുന്ന ആർട്ടെ മ്യൂസിയത്തിലെ സർഗ്ഗാത്മകതയുടെയും ഭാവനയുടെയും വിസ്മയിപ്പിക്കുന്ന ഇൻസ്റ്റാളേഷനുകൾ മുതൽ മനസ്സിനെ വളച്ചൊടിക്കുന്ന ഒപ്റ്റിക്കൽ മിഥ്യാധാരണകൾ വരെ, ഈ മ്യൂസിയം നിങ്ങളുടെ ഇന്ദ്രിയങ്ങളെ ജ്വലിപ്പിക്കുകയും നിങ്ങളുടെ ചക്രവാളങ്ങൾ വികസിപ്പിക്കുകയും ചെയ്യുന്ന കലാപരമായ കണ്ടെത്തലിന്റെ ഒരു യാത്ര വാഗ്ദാനം ചെയ്യുന്നു.

# ഫിഫെക്സ് 2024; രാജ്യാന്തര ഫർണിച്ചർ എക്സ്പോ അങ്കമാലിയിൽ

കൊച്ചി: ഫർണിച്ചർ മാനുഫാക്ച്ചറേഴ്സ് ആൻഡ് മാർച്ചന്റ്സ് വെൽഫെയർ അസോസിയേഷൻ (ഫ്യൂമ്മ) സംഘടിപ്പിക്കുന്ന രാജ്യാന്തര ഫർണിച്ചർ എക്സ്പോ ഫിഫെക്സ് 2024 അങ്കമാലി അഡ്‌ലക്സ് കൺവൻഷൻ സെന്ററിൽ മെയ് 4,5,6 തീയതികളിൽ നടക്കും. കേരളത്തിലെ ഫർണിച്ചർ നിർമാതാക്കളിൽ 70 ശതമാനവും അസംഘടിത മേഖലകളിലാണ്. ഇവരുടെ ഉൽപ്പന്നങ്ങൾ ഫ്യൂമ്മയുടെ കീഴിൽ ബ്രാൻഡ് ചെയ്ത് രാജ്യാന്തര വിപണിയിലടക്കം മാർക്കറ്റ് ചെയ്യുക എന്നതാണ് എക്സ്പോയുടെ ലക്ഷ്യം. ഗുണനിലവാരമുള്ള ഫർണിച്ചറുകൾ കേരളത്തിൽ ഉത്പാദിപിച്ച് തദ്ദേശീയ ഉത്പന്നങ്ങൾക്ക് വിപണി സാധ്യത കണ്ടെത്താനുള്ള ആശയങ്ങളും എക്സ്പോയിൽ ചർച്ച ചെയ്യും.

ഫിഫെക്സ് 2024 എന്ന പേരിൽ നടക്കുന്ന എക്സ്പോ രാജ്യത്തെ ഏറ്റവും വലിയ ഫിനിഷ്ഡ് ഫർണിച്ചർ എക്സ്പോ ആണെന്ന് സംഘാടകർഅവകാശപ്പെട്ടു. ഫ്യൂമ്മ സംഘടിപ്പിക്കുന്ന അഞ്ചാമത് ഫർണിച്ചർ എക്സ്പൊയാണിത്.

ഫർണിച്ചർ മേഖലയിലെ ആഗോള ട്രെൻഡുകൾ, നൂതന ഉത്പന്നങ്ങൾ, പുതിയ ഡിസൈനുകൾ എന്നിവ മേളയിൽ പ്രദർശിപ്പിക്കും. ഫർണിച്ചർ മേഖലയിലെ പ്രമുഖർ, പ്രമുഖ ഫർണിച്ചർ നിർമാതാക്കൾ എന്നിവരുമായി വാണിജ്യ കൂടികാഴ്ചകൾക്ക് അവസരമുണ്ടാകും. മുന്നൂറിലേറെ പ്രമുഖ ഫർണിച്ചർ ബ്രാൻഡുകളുടെ സാന്നിധ്യം എക്സ്പോയിലുണ്ടാകും. 650ലേറെ സ്റ്റാളുകളും ഉണ്ടാകും. 15000 ലേറെ ഫർണിച്ചർ വിദഗ്ധർ, നൂതന ഉത്പന്നങ്ങളുടെ അനാവരണം എന്നിവയും എക്സ്പോയുടെ ഭാഗമായുണ്ടാകുമെന്ന് ഫ്യൂമ്മ സംസ്ഥാന പ്രസിഡന്റ് ടോമി പുലിക്കാട്ടിൽ അറിയിച്ചു ഫർണിച്ചർ മേഖലയിലെ സംരംഭകർക്കായി സംഘടിപ്പിക്കുന്ന ബി ടു ബി മേളയിൽ പൊതുജനങ്ങൾക്ക് പ്രവേശനമുണ്ടാകില്ല.കൂടുതൽ വിവരങ്ങൾക്ക്: 95266 14444, 96055 41444.

# എച്ച്ഡിഎഫ്സി ലൈഫും പിഎഫ്പിഡിഎല്ലും പങ്കാളിത്തം പ്രഖ്യാപിച്ചു

**കൊച്ചി:** ഇന്ത്യയിലെ മുൻനിര ഇൻഷുറർമാരിൽ ഒന്നായ എച്ച്ഡിഎഫ്സി ലൈഫും പിയർലെസ് ഫിനാൻഷ്യൽ പ്രൊഡക്ട്സ് ഡിസ്ട്രിബ്യൂഷൻ ലിമിറ്റഡും (പിഎഫ്പിഡിഎൽ) കോർപ്പറേറ്റ് ഏജൻസി ടൈഅപ്പിൽ. എച്ച്ഡിഎഫ്സി ലൈഫിന്റെ ലൈഫ് ഇൻഷുറൻസ് ഉൽപ്പന്നങ്ങൾ ഉപഭോക്താക്കൾക്ക് വിതരണം ചെയ്യാൻ ഈ പങ്കാളിത്തം പിഎഫ്പിഡിഎല്ലിനെ പ്രാപ്തമാക്കും. ഈ ബന്ധത്തിലൂടെ,പിഎഫ്പിഡിഎൽ അതിന്റെ ഉപഭോക്താക്കൾക്ക് സാമ്പത്തിക പരിരക്ഷ നൽകും. കമ്പനി ഉപഭോക്താക്കൾക്ക് ഡിജിറ്റൽ, ഫിസിക്കൽ പ്ലാറ്റ്ഫോമുകൾ നൽകുകയും അതുവഴി അവരുടെ ഇഷ്ടപ്പെട്ട സേവന രീതി തിരഞ്ഞെടുക്കാൻ അവരെ പ്രാപ്തരാക്കുകയും ചെയ്യും.കുടുംബങ്ങളെ സാമ്പത്തികമായി സുരക്ഷിതമാക്കാനുള്ള ഞങ്ങളുടെ ശ്രമത്തിൽ എച്ച്ഡിഎഫ്സി ലൈഫുമായി സഹകരിക്കുന്നതിൽ സന്തോഷമുണ്ടെന്ന് പീർലെസ് ഫിനാൻഷ്യൽ പ്രൊഡക്ട്സ് ഡിസ്ട്രിബ്യൂഷൻ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറും സിഇഒയുമായ സത്യകി ഭട്ടാചാര്യ പറഞ്ഞു.

കഴിഞ്ഞ 92 വർഷമായി എച്ച്ഡിഎഫ്സി ലൈഫിന്റെ പ്രശസ്ത ബ്രാൻഡുമായി സമന്വയിപ്പിച്ച പിയർലെസ് ഗ്രൂപ്പിന്റെ ഉപഭോക്തൃ കേന്ദ്രീകൃത സമീപനം, ടയർ 2ലും നഗരങ്ങൾക്കപ്പുറവും ശക്തമായ വിതരണ ശൃംഖല സൃഷ്ടിക്കാൻ സഹായിക്കുമെന്നും സത്യകി ഭട്ടാചാര്യ പറഞ്ഞു. പിയർലെസ് ഫിനാൻഷ്യൽ പ്രൊഡക്ട്സ് ഡിസ്ട്രിബ്യൂഷൻ ലിമിറ്റഡുമായുള്ള ഞങ്ങളുടെ പങ്കാളിത്തം പ്രഖ്യാപിക്കുന്നതിൽ ഞങ്ങൾക്ക് സന്തോഷമുണ്ടെന്ന് എച്ച്ഡിഎഫ്സി ലൈഫ് ഡെപ്യൂട്ടി മാനേജിംഗ് ഡയറക്ടർ സുരേഷ് ബദാമി പറഞ്ഞു.2047ഓടെ 'എല്ലാവർക്കും ഇൻഷുറൻസ്' എന്ന ഇന്ത്യയുടെ കാഴ്ചപ്പാട് കൈവരിക്കുന്നതിനുള്ള മറ്റൊരു ചുവടുവയ്പ്പാണിതെന്നും സുരേഷ് ബദാമി പറഞ്ഞു.



